**കേരള സർക്കാർ**

**ധനകാര്യ (പ്രിസം) വകുപ്പ്**

**<u>പരിപത്രം</u>**

**നം.100/2021/ധന.** **തിരുവനന്തപുരം, തീയതി, 30.10.2021**

വിഷയം :- പെൻഷനർ ഇൻഫർമേഷൻ സിസ്റ്റം (PRISM) - പതിനൊന്നാം പെൻഷൻ പരിഷ്കരണം - 01.07.2019-ന് ശേഷം സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പുനർനിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ.ഉ(അ)നം.30/2021/ധന തീയതി 02.02.2021.
2. സർക്കുലർ നം.27/2021/ധന തീയതി 19.03.2021.

സൂചന (1) പ്രകാരം സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുകയും സൂചന (2) പ്രകാരം പ്രസ്തുത പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01.07.2019-ന് ശേഷം വിരമിക്കുകയും പ്രീ-റിവൈസ്ഡ് സ്കെയിലിൽ പെൻഷൻ ആനുകൂല്യങ്ങൾ ആതറൈസ് ചെയ്തു ലഭിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതു സംബന്ധിച്ച് സംശയ ദൂരീകരണത്തിനായി ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 01.07.2019-ന് ശേഷം വിരമിക്കുകയും പ്രീ-റിവൈസ്ഡ് സ്കെയിലിൽ പെൻഷൻ ആനുകൂല്യങ്ങൾ ആതറൈസ് ചെയ്തു ലഭിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കുന്നതിനുള്ള സംവിധാനം പ്രിസം സോഫ്റ്റ്‌വെയറിൽ ഇതിനോടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രിസം മുഖേനയും അല്ലാതെയും പെൻഷൻ അപേക്ഷ സമർപ്പിച്ച പ്രീ-റിവൈസ്ഡ് സ്കെയിലിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കൈപ്പറ്റുന്നവരുടെ (ഏത് Pension Type ആണെങ്കിലും) പെൻഷൻ പുനർനിർണ്ണയിക്കുന്നതിനുള്ള പ്രൊപ്പോസൽ, പ്രിസം മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്.
- നോൺ ഗസറ്റഡ് വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ, അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പ്രിസം മുഖേന പുനർനിർണ്ണയിച്ച് ആതറൈസ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്. വിരമിച്ച ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രിസം മുഖേന പുനർനിർണ്ണയിക്കേണ്ടതില്ല. ടി വിഭാഗം

ജീവനക്കാരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ പുനർനിർണ്ണയിച്ച് നൽകുന്നതാണ്.

- അതത് വകുപ്പിലെ/ഓഫീസിലെ ഡിപ്പാർട്ട്മെന്റ് യൂസർ ആണ് പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ തയ്യാറാക്കേണ്ടത്. ഡിപ്പാർട്ട്മെന്റ് യൂസർമാർ അവരുടെ യൂസർ നെയിമും പാസ്സ് വേർഡും ഉപയോഗിച്ച് പ്രിസം സോഫ്റ്റ്വെയറിൽ ലോഗിൻ ചെയ്ത് പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ തയ്യാറാക്കേണ്ടതാണ്. പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച യൂസർ മാനുവൽ പ്രിസം വെബ്സൈറ്റിലെ Downloads മെനുവിൽ ലഭ്യമാണ്.
- പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി വിരമിച്ച ജീവനക്കാരുടെ പി.പി.ഒ നമ്പർ (Pension Payment Order Number), ജനനത്തീയതി എന്നിവ ആവശ്യമാണ്. പി.പി.ഒ നമ്പർ വിരമിച്ച ജീവനക്കാരനിൽ നിന്നോ അല്ലെങ്കിൽ പ്രിസം മുഖേന പെൻഷൻ പ്രൊപ്പോസൽ സമർപ്പിച്ച ജീവനക്കാരാണെങ്കിൽ പ്രിസം വെബ്സൈറ്റിന്റെ ഹോം പേജിലെ 'Status' മെനുവിൽ 'Application' സെലക്ട് ചെയ്ത് PEN നമ്പർ നൽകിയോ ലഭ്യമാക്കാവുന്നതാണ്.
- ഡിപ്പാർട്ട്മെന്റ് യൂസർ പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ ആയതിലെ രണ്ടാമത്തെ പേജിൽ സൂചന (2) പ്രകാരമുള്ള പ്രൊഫോർമ upload ചെയ്യേണ്ടതായിട്ടുണ്ട്. പ്രൊഫോർമയുടെ മാതൃക പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലിലും (മുകൾ ഭാഗത്ത്) പ്രിസം ഹോം പേജിലെ Downloads മെനുവിലും ലഭ്യമാണ്. ടി പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂരിപ്പിച്ചതിനു ശേഷം (എഴുതി ചേർക്കുകയോ ടൈപ്പ് ചെയ്യുകയോ ചെയ്യാം) ഹെഡ് ഓഫ് ഓഫീസ്/റിസീവിംഗ് അതോറിറ്റി/പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ഇതിൽ ഒരാളുടെ ഒപ്പ്, പേര്, പെൻ, ഔദ്യോഗിക മേൽവിലാസം, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ പ്രൊഫോർമ സ്കാൻ ചെയ്ത് ഡിപ്പാർട്ട്മെന്റ് യൂസർ പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലിലെ രണ്ടാമത്തെ പേജിൽ upload ചെയ്യേണ്ടതാണ്.
- മേൽ പ്രകാരം തയ്യാറാക്കിയ പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ ഡിപ്പാർട്ട്മെന്റ് യൂസർ വകുപ്പിലെ റിസീവിംഗ് അതോറിറ്റിയ്ക്കും റിസീവിംഗ് അതോറിറ്റി ആയതു പരിശോധിച്ചതിനു ശേഷം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്കും സമർപ്പിക്കേണ്ടതാണ്. പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി പുനർനിർണ്ണയിച്ച പെൻഷൻ ആനുകൂല്യങ്ങൾ സാങ്ഷൻ ചെയ്തതിനു ശേഷം ആതറൈസ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്.
- പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലിനോടൊപ്പം ആയതിന്റെ ഫിസിക്കൽ പകർപ്പോ സേവന പുസ്തകമോ മറ്റു അനുബന്ധ രേഖകളോ അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതില്ല.
- പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ കാലതാമസം കൂടാതെ തന്നെ അക്കൗണ്ടന്റ് ജനറലിനു ലഭ്യമാക്കുന്നുണ്ട് എന്ന് അതത് വകുപ്പുകളിലെ പ്രിസം നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

- പെൻഷൻ പുനർനിർണ്ണയ പ്രൊപ്പോസലുകൾ പ്രിസം മുഖേന സമർപ്പിക്കുന്നതു സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി ടോൾ ഫ്രീ നമ്പരായ **1800-425-1857**-ൽ ബന്ധപ്പെടേണ്ടതാണ്.

**ടിങ്കു എസ്. നെൽസൺ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് - (1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
(2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), തിരുവനന്തപുരം.
(3) എല്ലാ വകുപ്പുകൾക്കും വകുപ്പ് മേധാവികൾക്കും ഓഫീസ് മേലധികാരികൾക്കും.
(4) സെക്രട്ടേറിയറ്റിലെ നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും വകുപ്പ് മേധാവികൾക്കും.
(5) എല്ലാ വകുപ്പുകളിലെയും പ്രിസം നോഡൽ ഓഫീസർമാർ.
(6) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം.
(7) നോഡൽ ഓഫീസർ, www.finance.kerala.gov.in.
(8) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
(9) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-1881255)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**